പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2097 **26-10-2026-ൽ മറുപടിയ്ക്ക്**

സപ്ലൈകോ ഡിപ്പോകളിലെ ക്രമക്കേടുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ചാണ്ടി ഉമ്മൻ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) 2016 മുതൽ 2026 വരെയുമുള്ള കാലയളവിൽ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും റേഷൻ കടകളിലും സപ്ലൈകോ ഡിപ്പോകളിലും ഔട്ട്ലെറ്റുകളിലും നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

മറുപടി: 2016 മുതൽ 2026 വരെയുള്ള കാലയളവിൽ NFSA ഗോഡൗണുകൾ, റേഷൻ കടകൾ, സപ്ലൈകോ ഡിപ്പോകൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ എന്നിവയിൽ ജില്ലാ സപ്ലൈ ഓഫീസർമാർ, സിവിൽ സപ്ലൈസ് വിജിലൻസ് വിഭാഗം, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസെക്ടർമാർ എന്നിവർ മുഖേന പരിശോധനകൾ നടത്തിവന്നതിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളിൻമേൽ KTPDS (C) Order 2021 പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഔദ്യോഗിക വീഴ്ച കണ്ടെത്തുന്ന കേസുകളിൽ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഔട്ട്ലെറ്റുകളിലും ഡിപ്പോകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും ഉണ്ടായ ധാന്യനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

മറുപടി: 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഔട്ട്ലെറ്റുകളിലും ഡിപ്പോകളിലും NFSA ഗോഡൗണുകളിലും ഉണ്ടായ ധാന്യനഷ്ടം സംബന്ധിച്ച വിവരവും ആയതിൽ ഇതുവരെ സാമ്പത്തിക നഷ്ടം കണക്കാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇത്തരം ക്രമക്കേടുകൾ മൂലം സർക്കാരിനും സപ്ലൈകോയ്ക്കും എത്ര രൂപയുടെ സാമ്പത്തിക നഷ്ടമാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കാമോ?

മറുപടി: 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ, **വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ** എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- തിരുവനന്തപുരം ഡിപ്പോ പരിധിയിലുള്ള വലിയതുറ NFSA ഗോഡൗണിൽ 26/06/2021-ൽ പരിശോധന നടത്തിയതിൽ 527.71 ക്വിന്റൽ ഭക്ഷ്യധാന്യങ്ങൾ കുറവ് കണ്ടെത്തിയതിൻറെ അടിസ്ഥാനത്തിൽ OIC യെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കൈകാര്യക്കിഴിവ് കണക്കാക്കാതെ ആകെ ബാധ്യത 21,19,886.45 രൂപയാണ് . OIC യ്ക്കെതിരെ VC-15/2025/TVM നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ രണ്ട് ജീവനക്കാർക്കെതിരെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാധ്യത നിശ്ചയിച്ചിട്ടുണ്ട്. ഇവർക്ക് കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

- നെടുമങ്ങാട് ഡിപ്പോ പരിധിയിലുള്ള വെഞ്ഞാറമ്മൂട് NFSA ഗോഡൗണിൽ നിന്നും 20/08/2025-ന് വാഹനത്തിൽ അരി കയറ്റിയ നിലയിൽ കണ്ടെത്തി പോലീസ് വാഹനം ബന്ദവസ്സിൽ എടുത്തതുമായി ബന്ധപ്പെട്ട് കസ്റ്റോഡിയൻ, OIC എന്നിവരെ സസ്പെൻഡ് ചെയ്യുകയും Cr No. 1312/2025 നമ്പരായി വെഞ്ഞാറമ്മൂട് പോലീസ് സ്റ്റേഷനിൽ അന്നേ ദിവസം തന്നെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി ജീവനക്കാർ നിലവിലും സസ്പെൻഷനിൽ തുടരുന്നു. വിഷയവുമായി ബന്ധപ്പെട്ട് 3 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്.

- പത്തനംതിട്ട ജില്ലാ ഡിപ്പോ പരിധിയിലുള്ള കോന്നി NFSA ഗോഡൗണിൽ 24/10/2024, 25/10/2024 തീയതികളിലെ പരിശോധനകളിൽ 924.5183 ക്വിന്റൽ ഭക്ഷ്യധാന്യങ്ങൾ കുറവ് കണ്ടെത്തുകയും OIC, ഗോഡൗൺ അസിസ്റ്റന്റ് എന്നിവരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് കോന്നി പോലീസ് സ്റ്റേഷനിൽ FIR No. 0925/24 രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ VC-09/2025/SIU-1 നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. സപ്ലൈകോ ടി വിഷയത്തിൽ കോന്നി NFSA OIC, രണ്ട് ഗോഡൗൺ അസിസ്റ്റന്റുമാർ എന്നിവർക്കെതിരെ കഠിനശിക്ഷക്ക് കുറ്റപത്രം നൽകിയിട്ടുണ്ട്. അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ല.

- ചെങ്ങന്നൂർ NFSA ഡിപ്പോയുടെ തട്ടാരമ്പലം ഗോഡൗണിൽ നിന്ന് റേഷൻ ഭക്ഷ്യധാന്യങ്ങൾ കടത്തിയതുമായി ബന്ധപ്പെട്ട പരാതിയുടെ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരനെതിരെ ക്രൈം നമ്പർ 1137/22 നമ്പർ പ്രകാരം മാവേലിക്കര പോലീസ് സ്റ്റേഷനിൽ കേസുണ്ട്. ടി വിഷയത്തിൽ VC1/2024/ALP നമ്പരായി വിജിലൻസ് കേസും നിലവിലുണ്ട്.

- കോട്ടയം ഒറവയ്ക്കൽ NFSA ഡിപ്പോയിൽ 260 ചാക്ക് CMR അരി കടത്തിയതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വന്ന ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്യുകയും മാതൃവകുപ്പിലേക്ക് തിരിച്ചയക്കുകയും ചെയ്തു. VC/02/2020/KTM നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- കോട്ടയം ജില്ലയിലെ ചിങ്ങവനം NFSA യിൽ 01.04.2022 മുതൽ 21.02.2023 വരെയുള്ള കാലഘട്ടത്തിൽ NFSA ക്രമക്കേടുമായി ബന്ധപ്പെട്ട് കസ്റ്റോഡിയനെതിരെ ചിങ്ങവനം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഈ കാലയളവിലെ OIC, ഗോഡൗൺ അസിസ്റ്റന്റ് എന്നിവർക്ക് ഉൾപ്പെടെ 29,16,732/- രൂപ പിഴയിനത്തിൽ ഈടാക്കുവാൻ കുറ്റപത്രം നൽകുകയും ചെയ്തു.

- പാലാ ഡിപ്പോ ഉഴവൂർ പൈക ഔട്ലറ്റുകളിലേക്കുള്ള സബ്സിഡി സാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റതുമായി ബന്ധപ്പെട്ട് 4 ജീവനക്കാർക്ക് വേലവിലക്ക് നൽകിയിട്ടുണ്ട്. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- തൃശ്ശൂർ ഡിപ്പോയുടെ കീഴിലുള്ള തൃക്കൂർ മാവേലി സ്റ്റോറിൽ ഡിപ്പോ മാനേജർ, വിജിലൻസ് ഓഫീസർ എന്നിവർ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് OIC യെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ബാധ്യത തുക മുഴുവനും അടവാക്കിയതിനാൽ ടിയാൻറെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഭാവത്തോടെ അല്ലാതെ തടഞ്ഞും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചും അച്ചടക്ക നടപടി തീർപ്പാക്കി. OIC യ്ക്കെതിരെ പുതുക്കാട് പോലീസ് സ്റ്റേഷനിൽ FIR No.1019/22 പ്രകാരം രജിസ്റ്റർ ചെയ്ത പോലീസ് കേസ് CC/1254/2023 REG No 101254/2023 നമ്പരായി ഇരിങ്ങാലക്കുട JFCM കോടതിയുടെ പരിഗണനയിലാണ്.

- ഒറ്റപ്പാലം ഡിപ്പോയിൽ 22.06.23-ലെ 1060 നമ്പർ ട്രക്ക് ചീട്ട് പ്രകാരമുള്ള 12315.38 Kg MDMS അരി DMS-ൽ അക്കൗണ്ട് ചെയ്യാത്തതുമായി ബന്ധപ്പെട്ട് കസ്റ്റോഡിയനെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെതിരെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം കേസ് നമ്പർ 1072/2024, VACB-ലേക്ക് കൈമാറുകയും VC/06/2025/PKD നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

- തിരൂർ ഡിപ്പോ കടുങ്ങാത്തുകുണ്ട് NFSA-യിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 8 പേരെ സസ്പെൻഡ് ചെയ്യുകയും പിന്നീട് അവരെ തിരിച്ചെടുക്കുകയും ഉണ്ടായി. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു.

- മാനന്തവാടി - മാനാഞ്ചിറ NFSA ഗോഡൗണിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഒരു ജീവനക്കാരനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം സൂപ്പർമാർക്കറ്റിലെ ക്രമക്കേടിൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ഒരു ജീവനക്കാരനെതിരെ അന്വേഷണം നടന്നുവരുന്നു.

- കാസർഗോഡ് ജില്ലയിലെ നർക്കിലക്കാട് മാവേലി സ്റ്റോറിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ചിറ്റാരിക്കാൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ഒരു ജീവനക്കാരനെതിരെ അന്വേഷണം നടന്നുവരുന്നു.

- പാലക്കാട് ജില്ലയിലെ പാലക്കാട് ഡിപ്പോയിലെ പുതുപ്പരിയാരം മാവേലി സ്റ്റോറിനെതിരായ പരാതിയിന്മേൽ കേസ് നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ